

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.2/445/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.2/445/2022 തീയ്യതി: 03/06/2022

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 17-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ.കെ.	ഡെപ്യൂട്ടി ഡയറക്ടർ	18-02-2022	24-02-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-02-2022	24-02-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി എം,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി ജയലക്ഷ്മി ബി കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ജസ്റ്റിൻ രാജ് റ്റി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കോസലരാമദാസ് കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല പി,ഓഡിറ്റർ
ശ്രീമതി അമലാ ദേവ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
എൽ വി അജയകുമാർ	പ്രസിഡന്റ്	01-04-2020	31-10-2020
ചെറുപുഷ്പം	പ്രസിഡന്റ്	01-11-2020	31-03-2021
റ്റി സുദർശനൻ	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഹാജ്റാ ബീവി	ഹെഡ് മാസ്റ്റർ	01-04-2020	31-05-2020
ലാലി എഫ് എസ്	ഹെഡ് മാസ്റ്റർ	01-06-2020	31-01-2021
അജയകുമാർ	ഹെഡ് മാസ്റ്റർ	01-02-2021	31-03-2021
സുബി ജെ എസ്	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2020	31-10-2020
ലക്ഷ്മി എസ് നായർ	ഐസിഡിഎസ് സൂപ്പർവൈസർ	02-11-2020	31-03-2021
സുധീന്ദ്ര വൈ എസ്	കൃഷി ഓഫീസർ	01-04-2020	28-02-2021
കിരൺ കെ ബി	കൃഷി ഓഫീസർ	01-03-2021	31-03-2021
ഡോ രേഖ	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ഡോ അജിത ഐ റ്റി	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2020	31-03-2021
ജയശ്രീ കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ഡോ വിനോജ്	മെഡിക്കൽ ഓഫീസർ(അലോപ്പതി)	01-04-2020	31-03-2021
ശ്രീകുമാർ ബി എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021
അനിഷ ശശി ബി എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	26-04-2020	31-03-2021
ബെൻസിലാൽ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	06-02-2021
ശ്രീശോഭ കെ	അസിസ്റ്റന്റ് എഞ്ചിനീയർ	08-02-2021	31-03-2021

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	ഗ്രാന്റ് വിനിയോഗം	1-3
4	പദ്ധതി അവലോകനം	1-4
5	സാമ്പത്തിക വിശകലനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	2020-2021 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മന്റ് പ്രകാരമുള്ളത് താഴെ കൊടുക്കുന്നു	1-7
8	ക്യാഷ് വെരിഫിക്കേഷൻ	1-8
9	രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതൾ	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല	1-12
13	സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല	1-13
14	തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല	1-14
15	വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല	1-15
16	ലൈസൻസ് നൽകൽ കാര്യക്ഷമമല്ല	1-16
17	റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല	1-17
18	പെർമിറ്റ് ഫീസ് ഈടാക്കിയതിൽ അപാകത	1-18
19	60ച.മീ വരെ വിസ്തീർണ്ണമുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ്	1-19
20	വാടക യഥാസമയം പിരിച്ചെടുത്തിട്ടില്ല	1-20
21	സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല	1-21
22	പിരിച്ചെടുത്ത നികുതി നിർദ്ദിഷ്ട നിരക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-22
23	ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച	1-23
24	കടമുറി വാടകയ്ക്കു നൽകാൻ കഴിയാത്തതിനാൽ വരുമാന നഷ്ടം	1-24
25	കുളങ്ങൾ ലേലം ചെയ്തു കൊടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്	1-25
26	ജി. എസ്. ടി ഈടാക്കിയിട്ടില്ല	1-26
27	വാഹനങ്ങളുടെ ഇൻഷ്വറൻസ്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല	1-27
28	സാക്ഷരത പ്രേരക്മാർക്ക് ഓണറേറിയം നൽകിയത്- തുക റീകൂപ്പ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്	1-28
29	നിഷ്ക്രിയാസ്തിയായ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന് വൈദ്യുത കണക്ഷൻ- തുക പാഴായി	1-29

30	ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിൽ കൂടുതൽ ജാഗ്രത വേണം	1-30
31	മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകതകൾ	1-31
32	തെരുവ് വിളക്ക് പരിപാലനം- നിർവ്വഹണത്തിലെ അപാകതകൾ	1-32
33	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്- ചെലവ് തുക 652315യ- രൂപ തടസ്സപ്പെടുത്തുന്നു	1-33
34	എസ്.എൽ.ഐ., ജി.ഐ.എസ് ഈടാക്കിയതിൽ കുറവ്	1-34
35	കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.	1-35
36	കുടിവെള്ളക്കരം ഒടുക്കൽ- ചെലവ് തുക സംബന്ധിച്ച് വ്യക്തതയില്ല- 7,16,283/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-36
37	ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ	1-37
38	വാഹന പരിപാലനത്തിലെ അപാകതകൾ	1-38
39	ചെലവഴിക്കാത്ത തുക തിരികെ ഒടുക്കേണ്ടതാണ്	1-39
40	കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ- അവലോകനം	1-40
41	അങ്കണവാടി പോഷകാഹാരം-ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല	1-41
42	അംഗൻവാടികളിലെ ഭൗതികസൗകര്യങ്ങൾ അപര്യാപ്തം- പരിഹരിക്കേണ്ടതാണ്	1-42
43	അംഗൻവാടി നിർമ്മാണം -തുടർ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.	1-43
44	പ്ലസ് വൺ തുല്യത,പത്താംതരം തുല്യത പദ്ധതി ചെലവ് തുക 72,650/-രൂപ തടസ്സപ്പെടുത്തുന്നു	1-44
45	വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ കേദാരം-നെൽകൃഷി	1-45
46	എസ്.എസ്.എ വിഹിതം നൽകൽ-ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നില്ല.	1-46

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ചെലവ് പത്രിക പ്രകാരം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ	4-1
2	നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തെ ബജറ്റ് 16-03-2020- ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പുൾപ്പെടെ പ്രതീക്ഷിത വരവ് 233459230/- രൂപയും, പ്രതീക്ഷീത ചെലവ് 227299000/-രൂപയും, നീക്കിയിരിപ്പ് 6160230/- രൂപയുമാണ്.

1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി	വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി
31.7.2021	29.6.2021

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന ഇനങ്ങളിൽ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. Central Finance Commission Grant -AFSഉം ACR- ഉം തമ്മിൽ പൊരുത്തമില്ല. വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിമാന്റ്,കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

I

ക്രമനം	Items	AFS പ്രകാരം	രജിസ്റ്റർ പ്രകാരം
1	Central Finance Commission Grant Development Fund (Untied)	9237789	11002389 (ACR)
2	Licence Fee For Dangerous And Offensive Trades	33000	32350
3	Market Receipts	31634	33634
4	Permitt Fee For Buildings	51428	രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
5	Sale Of Timber	32100	രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
6	Building Regularisation Fee	28243	രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
7	Sale Of Usufructs	1698	രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
8	Rent Receibles From Buildings	140744	രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

9	Profession Tax Current 56100 Arrear 2500	58600	രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
10	Receipts From Libraries	200	രജിസ്റ്റർ ലഭ്യമല്ല
11	Miscellaneous Receipts	10950	രജിസ്റ്റർ ലഭ്യമല്ല

II ക്ഷേമപദ്ധതികളുടെ വിശദാംശം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.
ഇതു സംബന്ധിച്ച് 22/02/2022- ൽ നൽകിയ 20/20-21- ാം നമ്പർ ഓഡിറ്റ് എൻകവയറിയ്ക്ക് ലഭ്യമായ മറുപടി ഇപ്രകാരമാണ്.

1. വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രോജക്ടിനുവേണ്ടി 17,64,600/- രൂപയുടെ ബിൽ കേരള വാട്ടർ അതോറിറ്റിയിൽ Deposit ചെയ്യുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിരുന്നു. ആയത് പാസ്സായി ലഭിച്ചിരുന്നില്ല Central Finance Commission Grant-ൽ ആ തുകയും കൂടി ചേർന്നാണ് ACR- ൽ വന്നിട്ടുള്ളതെന്ന് മറുപടി ലഭ്യമായിട്ടുണ്ട്.

2. Market Receipt -ൽ രജിസ്റ്ററിൽ വ്യത്യാസം വന്ന 2000/- രൂപ Auction Deposit- ൽ കളക്ഷനിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.

3. സീരിയൽ നമ്പർ 6 മുതൽ 12 വരെയുള്ള വിഷയങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി ഹാജരാക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

4. Miscellaneous Receipt നു വേണ്ടി പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു.

സ്ഥാപനങ്ങളുടെ നികുതിയിനത്തിലുള്ള വരുമാനം സ്ഥലപരിശോധന മുഖാന്തിരം ഡിമാന്റ് ചെയ്ത് അടവാക്കേണ്ട ഉത്തരവാദിത്തം പഞ്ചായത്തിനാണ്. ഇപ്രകാരം അടവാക്കാത്ത പക്ഷം തനതുഫണ്ടിൽ ഉണ്ടാകുന്ന നഷ്ടം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നതാണ്.

III) Income And Expenditure Statement പ്രകാരം ആകെ വരവ് 151326363/- രൂപയും ആകെ ചെലവ് 156371304/- രൂപയുമാണ്. വരവിനെക്കാൾ ചെലവ് അധികരിച്ചിരിക്കുന്നു. ഇതിന്റ കാരണം ആവശ്യപ്പെട്ടുകൊണ്ട് 22/02/2022- ൽ നൽകിയ 21-ാം നം എൻകവയറിയ്ക്ക് Depreciation Expenditure , Demand Adjustment എന്നിവ Expenditure Side-ൽ ആണ് വരുന്നത് ആയതിനാൽ Expenditure കൂടി നിൽക്കാൻ കാരണമെന്നാണ് ലഭ്യമായ മറുപടി. പ്രസ്തുത അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. വാർഷിക ധനകാര്യപത്രിക RP 7 പ്രകാരം ബ്ളോക്ക് പഞ്ചായത്ത് വിഹിതം 2076750/- രൂപയും ആണ്. എന്നാൽ ചെലവു പത്രിക പ്രകാരം ബ്ളോക്ക് വിഹിതം 2436750/- രൂപയും ആകുന്നു. പൊരുത്തക്കുറവിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 22/02/2022- ൽ നൽകിയ 21-ാം നം ഓഡിറ്റ് എൻകവയറിയ്ക്ക് RP 7 നും Sulekha യുമായി 360000/- ന്റെ വ്യത്യാസമുണ്ട് സാങ്കേതിക തകരാർ മൂലം RP 7- ൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ലായെന്നാണ് ലഭ്യമായ മറുപടി.

IV) 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ Indian Overseas ബാങ്കിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ തനതുഫണ്ടിൽ വരവായി ചേർക്കേണ്ടതാണ്. എന്നാൽ ആ നടപടി ക്രമം പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമനം	തീയതി	ചെക്ക് നം	തുക
1	02/07/20	822781	2500/-
2	19/09/19	809145	1000/-

3	30/03/20	822329	60000/-
4	24/06/20	822771	1491/-
5	17/07/20	822804	2898/-
6	09/06/20	822371	3534/-
7.	23/06/20	822765	1600/-
8	26/06/20	822792	3376/-
9	06/05/20	822349	25000/-
10	07/05/20	822352	500/-
11	12/05/20	822356	1500/-

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 23/02/2022- ൽ നൽകിയ 26-ാം നമ്പർ ഓഡിറ്റ് എൻകയറിയ്ക്ക് മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും തനതുഫണ്ടിൽ വരവായി ചേർക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി,

1-3 ഗ്രാന്റ് വിനിയോഗം

1. ഗ്രാന്റ് ലഭിച്ചതും, ചെലവഴിച്ചതും, നീക്കിയിരിപ്പ്/ലാപ്സായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. (ഗ്രാന്റ് സ്റ്റേറ്റ് പ്രകാരം)

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക	ACR പ്രകാരമുള്ള ചെലവ്
വികസന ഫണ്ട് (ജനറൽ)	0	8983971		14745375	-5761404	8983971
വികസന ഫണ്ട് (SCP)	0	5145051		4608003	537048	4432474
വികസന ഫണ്ട് (TSP)	0	277373		223627	53746	209000
15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	5740000		523720	5216280	523720
15 ധനക്കാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	12264547		9237789	3026758	11002389
മെയിന്റനൻസ് ഗ്രാന്റ് -റോഡ്	0	18699000		18512447	186553	18512447
മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം	0	4079317		4114809	-35492	4073126

2. ചുവടെ ചേർക്കുന്ന ഗ്രാന്റുകൾ ചെലവഴിക്കാതെ തനതുഫണ്ടിൽ അവശേഷിക്കുന്നു

ഹെഡ് കോഡ്	2019-20 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്	2020-21 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്
320700104	326489	326489
320700204	1009731	1009731
320700405	2710961	2710961

3. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മന്റും എ സി ആറും തമ്മിൽ ചെലവു തുകകൾ പൊരുത്തപ്പെടുന്നില്ല.

ഇനം	ACR പ്രകാരമുള്ള തുക	ഗ്രാന്റ് യുട്ടിലൈസേഷൻ സ്റ്റേറ്റ്മന്റ പ്രകാരമുള്ള തുക
Development Fund	8983971	14745375

General		
Development Fund—Special Component Plan	4432474	4608003
Development Fund-Tribal Sub Plan	209000	223627
Development Fund- CFC Grant-Untied	11002389	9237789
Maintanance Fund—Non Road	4073126	4114809

മേൽ വിഷയങ്ങളുടെ കാരണം ആവശ്യപ്പെട്ടുകൊണ്ട് 23/02/2022- ൽ നൽകിയ 27-ാം നം ഓഡിറ്റ് എൻകയറിയ്ക്ക് ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു.

1. Voting Machine – നു വേണ്ടി Maintanance Fund Non Road – ൽ നിന്നും റിക്കവറി ചെയ്ത തുകയായ 41683/- രൂപയും ചേർത്താണ് ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

2. സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായ തുക ചെലവാകാതെ അവശേഷിച്ചതാണെന്നാണ് മറുപടി.

3. വിവിധ വാർഡുകളിൽ Pipeline Extension എന്ന Project- നു വേണ്ടി 1764600/- രൂപയുടെ ബിൽ പാസ്സായി ലഭിച്ചിരുന്നില്ല. ടി വ്യത്യാസമാണ് ACR- ൽ കാണുന്നത്.

4. Development Fund General Allotment- ൽ നിന്നും Life Loan ഇനത്തിൽ 4797804/- രൂപയും Angnavadi ജീവനക്കാരുടെ Honorarium ഇനത്തിൽ 963600/- രൂപയും റിക്കവറി ചെയ്തിട്ടുണ്ട്. ടി തുകയാണ് ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

Development SCP Fund – ൽ നിന്നും 175529/- രൂപ Life Loan ഇനത്തിൽ റിക്കവറി നടത്തിയിട്ടുണ്ട്. ടി തുകയാണ് ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

Development Fund TSP -ൽ നിന്നും 14627/- രൂപ Life Loan ഇനത്തിൽ പിടിച്ചിട്ടുണ്ട്. ടി തുകയാണ് ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

വിവിധയിനങ്ങളിലെ വ്യത്യാസം പൊരുത്തപ്പെടുത്തി അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഉൾപ്പെടാതെ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പ്രോജക്ടുകളുടെ ചെലവ് ശതമാനം
219	106901631	169	61827803	50	58%

പ്രോജക്ടുകളുടെ ചെലവ് ശതമാനം വളരെ കുറഞ്ഞതിന്റെ കാരണങ്ങൾ ഭരണസമിതി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവർ വിശകലനം ചെയ്യേണ്ടതും പദ്ധതിവിഹിതം ഒട്ടും പാഴാക്കാതെ ഗുണപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-5 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	25716730
വരവ്	207742500
ആകെ	233459230
ചെലവ്	227299000
നീക്കിയിരിപ്പ്	6160230

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	3588	1310344	1313932	1310603	3329

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	83868926	83868926	83868926	0
ആകെ	3588	85179270	85182858	85179529	3329

തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽവർക്ക്- അപാകതകൾ

2018-19 വർഷം ടെണ്ടർ ക്ഷണിച്ച 28 പ്രവൃത്തികളിൽ 17 എണ്ണമാണ് 2020-21 വർഷം പൂർത്തീകരിച്ച് പേയ്മെന്റ് നൽകിയിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തിഫയലുകളിൽ മെറ്റീരിയൽ വാങ്ങിയതിന്റെ ജി.എസ്.ടി.ബില്ല് സൂക്ഷിച്ചിട്ടില്ല. രണ്ട് കരാറുകാരാണ് മെറ്റീരിയൽ സപ്ലൈചെയ്തിട്ടുള്ളത്. ഇതിൽ ശ്രീ.വിനോദ് എന്ന കരാറുകാരന് മെറ്റീരിയൽ സപ്ലൈ ചെയ്തതിന് 9,59,735/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത കരാറുകാരനിൽ നിന്ന് നിയമാനുസൃത ടി.ഡി.എസ്. ഈടാക്കി ഒടുക്കിയിട്ടില്ല.

ശ്രീ.വിനോദിന് ഇത് സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടും മറുപടി തരുന്നില്ലായെന്നും, ഇപ്പോൾ നടപ്പാക്കുന്ന പ്രവൃത്തികളിൽ മെറ്റീരിയൽ ബിൽ വാങ്ങി സൂക്ഷിക്കാമെന്നുമാണ് മറുപടി നൽകിയിട്ടുള്ളത് (ഓഡിറ്റ് എൻകയറി നം.32 നുള്ള മറുപടി). ശ്രീ.വിനോദിൽ നിന്നും ടി.ഡി.എസ്. ഈടാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതും, തുടർവർഷങ്ങളിൽ മെറ്റീരിയലിന്റെ ജി.എസ്.ടി ബില്ല് നിർബന്ധമായും വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

1-7 2020-2021 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്റ്റേറ്റ്മന്റ് പ്രകാരമുള്ളത് താഴെ കൊടുക്കുന്നു

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	0	0
കർഷക തൊഴിലാളി പെൻഷൻ	13179700	595
വിധവ പെൻഷൻ	23205400	1069
വാർദ്ധക്യകാല പെൻഷൻ	40903600	1954
വികലാംഗ പെൻഷൻ	7301900	325
വിവാഹ ധന സഹായം	150000	05
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	602700	28

Note:- ക്ഷേമപദ്ധതികളുടെ ചെലവ് വിവരം AFSൽ ഉൾപ്പെട്ടിട്ടില്ല.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022, 11.00 Amന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5703/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതൾ

01.04.2020 മുതൽ 17.02.2022 വരെയുള്ള രസീതുകളുടെ വരവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1.ലഭ്യമാക്കിയ രസീതു ബുക്കുകൾ പരിശോധിച്ചതിൽ ക്യത്യമായി തീയതി രേഖപ്പെടുത്താത്ത രസീതുകൾ

രസീതു ബുക്ക് നമ്പർ /രസീതു നമ്പർ	ഇനം	തുക
3644/91	വസ്തു നികുതി	114
3643/75	സ്ഥാപന നികുതി	59

2. 3646 രസീതു ബുക്കിലെ 93മത്തെ രസീത് റദ്ദ് ചെയ്തെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

01.04.2020 മുതൽ 30.3.2022 വരെയുള്ള സാംഖ്യ രസീത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. റദ്ദ് ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

രസീത് നമ്പർ	തീയതി	ഇനം	തുക
120020102019	16/3/21	Property Tax	
12002010805	05/03/21	Profession Tax	1250
120020102186	19/3/21		
120020102279	23/3/21	Property Tax	
120020102326	24/3/21		
120020102325	24/3/21		

മേൽ അപാകത സംബന്ധിച്ച് കൊടുത്ത എൻകയറി (18/21.02.2022) യ്ക്ക് അപാകത പരിഹരിച്ചെന്ന മറുപടി ആണ് ലഭിച്ചത്.

വരും വർഷങ്ങളിൽ രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

1-10 ആഭ്യന്തര നിയന്ത്രണം

. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ഓഫിസ് ഭരണസംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, മെച്ചപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. സഞ്ചയ സോഫ്റ്റ്വെയറിൽ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുത്തി ട്രെയ്ഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതിയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകി പൂർണ്ണമായും നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. ലൈസൻസ് ഫീ ഈടാക്കുന്നതിൽ സർക്കാർ ഉത്തരവുകളും ക്യത്യമായ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട് ഇത് പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യം നേടുന്നതിൽ പോരായ്മയുണ്ടാക്കുന്നു.

ബില്ലുകൾ സൂക്ഷിക്കുന്നതിലെ ജാഗ്രതക്കുറവ്

. കണ്ടിജന്റ് ബില്ലിനോടൊപ്പം സാംഖ്യ പേയ്മെന്റ് വൗച്ചർ സൂക്ഷിക്കുന്നില്ല. പല വൗച്ചറുകൾക്കൊപ്പവും സബ് വൗച്ചർ സൂക്ഷിക്കുന്നില്ല. ഉദാ.14 വാർഡുകളിലെ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി 70,000/- രൂപ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ സബ് വൗച്ചർ ക്യത്യമായി സൂക്ഷിച്ചിട്ടില്ല.
. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പരാമർശിത അതീവ ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ് പദ്ധതി മാർഗ്ഗരേഖ ആവശ്യപ്പെടും വിധം പദ്ധതി ആസൂത്രണം ചെയതുകഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാകുന്നില്ല. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനും സ്പിൽ

ഓവർ ആകുന്നതിനും നിർവ്വഹണത്തിൽ അപാകങ്ങൾ സംഭവിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികളുടെ നിർജ്ജീവാവസ്ഥ കാരണമാകുന്നു. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് ഭരണസമിതിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

പ്രൊക്യൂവർമെന്റ് നടപടികൾ കൂടുതൽ മെച്ചമാക്കാനാവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

പദ്ധതിച്ചെലവുകൾ എല്ലാം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും സുലേഖയിലെ ചെലവു പത്രികയിൽ പൊരുത്തക്കേടുകൾ വരുന്നില്ലെന്നു ഉറപ്പാക്കേണ്ടതുമാണ്.
പൊതുമരാമത്തിന്റെ റോഡ് വർക്കുകളിൽ എം ബുക്കിൽ ടാർ കാൽക്കുലേഷൻ രേഖപ്പെടുത്തുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	10.2.2020 മുതൽ 11.2.2020 വരെ	12/2019 വരെ	ലഭ്യമായിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	7.2.2019 മുതൽ 20.2.2019 വരെ	2013-14 മുതൽ 2017-18 വരെ	28.3.2019

1-12 കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല

കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്‌രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2018-2019 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

1. ന്യൂ കൈരളി ഓഡിറ്റോറിയം, പൂഴനാട്

2. എസ് എൻ ഡി പി ഹാൾ ഉലട്ടിമൂട്, ആലച്ചൽകോണം

3. ഡിനോൺ ഓഡിറ്റോറിയം, മണ്ഡപത്തിൻകടവ്

4. നിധിൻ ഓഡിറ്റോറിയം, മണ്ഡപത്തിൻകടവ്

ഇതു സംബന്ധിച്ച് 19.02.2022 ൽ 01 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻകുയറിക്കു ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ ഈ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുകയായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ പ്രസ്തുത സ്ഥാപനങ്ങൾ 2020-2021 വർഷം പ്രവർത്തിച്ചിരുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ 2020-2021

സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

1-13 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

2020-2021 സാമ്പത്തിക വർഷം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ലാത്തതിനാൽ തനതുഫണ്ടിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. എസ് ആർ ക്ലിനിക് പൂഴനാട്, മന്ദഹാസം മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് മണ്ഡപത്തിൻകടവ്, ഡോക്ടർ ആർച്ചാസ് ഡെന്റൽ ക്ലിനിക് മണ്ഡപത്തിൻകടവ് എന്നീ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

1997 ലെ കേരള പഞ്ചായത്ത്രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു പഞ്ചായത്തിന്റെ അതിർത്തിക്കള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലെന്നും ചട്ടം 5(1) പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് 19.02.2022 ൽ 01 നമ്പരായി നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് കോവിഡ് സാമൂഹ്യ സ്തംഭനാവസ്ഥ നിലനിന്നതിനാൽ രജിസ്ട്രേഷന് ഫീസോ ലൈസൻസ് ഫീസോ ഫീൽഡിൽ പോയി പിരിക്കാൻ സാധിച്ചിട്ടില്ലെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-14 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 21.02.2022 ൽ 07 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻകയറിയിലൂടെ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഭാവിയിൽ ഇത്തരം രേഖകളുടെ പകർപ്പ് ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

1-15 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 20120-21 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ

ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

ഇതു സംബന്ധിച്ച് 19.02.2022 ൽ 01 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻകൗയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് 19 നിയന്ത്രണങ്ങൾ മൂലം ജീവനക്കാർക്ക് ഓഫീസിൽ ഹാജരാകാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടായിരുന്നതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

1-16 ലൈസൻസ് നൽകൽ കാര്യക്ഷമമല്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 37 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ കണക്കുകളനുസരിച്ച് 14 വാർഡുകളിലായി 927 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും നേരിട്ടു ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ഇതു സംബന്ധിച്ച് 19.02.2022 ൽ 01 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻകൗയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് 19 കാരണം ഫീൽഡിൽ പോകാൻ സാധിക്കാത്ത അവസ്ഥ ഉള്ളതിനാലാണ് ലൈസൻസുകളുടെ എണ്ണം കുറഞ്ഞതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1-17 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് കൂടാതെ 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 19.02.2022 തീയതിയിൽ 01 നമ്പരായി നൽകിയ ഓഡിറ്റ് എൻകൗയറിക്ക് കോവിഡ് സാഹചര്യമായതിനാൽ റേഷൻ കടകളിൽനിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും പിരിച്ചെടുക്കുവാൻ സാധിച്ചില്ലെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

1-18 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ അപാകത

1.ജയശ്രീ സി ഒ (ശ്രീരാഗവ്, ഇടവാൽ, ഒറ്റശേഖരമംഗലം, 443/2-1) യുടെ ഉടമസ്ഥതയിലുള്ള 172.54 ച മീ വിസ്തീർണമുള്ള സ്റ്റോറേജ് റൂം നിർമ്മിക്കുന്നതിന് പെർമിറ്റ് ഫീസ് ഈടാക്കിയത് 1661/- രൂപയാണ്. എന്നാൽ വാണിജ്യാവശ്യത്തിനായി പെർമിറ്റ് ഫീസ് ഈടാക്കുന്നത് 1 ച മീറ്ററിന് 10/- രൂപ എന്ന നിരക്കിലാണ്. ടിയാന്റെ പക്കൽ നിന്നും 1725/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിക്ക് (19/21.02.2022) കുറവ് വന്ന തുക ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്

2.കെട്ടിടങ്ങളുടെ പെർമിറ്റ് ഫയലും നമ്പറിംഗ് ഫയലും ഒരുമിച്ച് സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (19/21.02.2022) പെർമിറ്റ് വാങ്ങി നിർമാണം പൂർത്തീകരിക്കുന്ന കെട്ടിടങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നത് രണ്ടോ മൂന്നോ വർഷങ്ങൾ കഴിഞ്ഞിട്ടാണെന്നും നമ്പറിംഗിനായി അപേക്ഷ സമർപ്പിക്കുമ്പോൾ റെക്കോഡ് റൂമിൽ നിന്നും പെർമിറ്റ് ഫയൽ എടുത്ത് നമ്പറിംഗ് ഫയലിനോടൊപ്പം ലിങ്ക് ചെയ്യുന്നത് പ്രായോഗികമല്ലെന്നുമാണ് മറുപടി നൽകിയത്.

1-19 60ച.മീ വരെ വിസ്തീർണ്ണമുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ്

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണമായി.

ക്രമ നം	വാർഡ്/ കെട്ടിട.നം	പേര് / വിലാസം	നികുതി ഒഴിവാക്കിയ കാലയളവ്	അപാകതയ്ക്കുള്ള മറുപടി ഓഡിറ്റ് എൻകയറി നം.23(22.02.2022)
1	1/344 1/345	ബിന്ദു എസ്,അഞ്ജന ഭവൻ	2013 ഒന്നാം അർദ്ധ വർഷം മുതൽ	1/344നമ്പർ വാസഗൃഹം ശ്രീ അനിൽ കുമാർ, പറമ്പുവാരത്ത് എന്നയാളുടെ ഉടമസ്ഥതയിൽ കാണുന്നു.ടി കെട്ടിടത്തിന് 2019 ഒന്നാം വർഷം മുതൽ നികുതി ഒഴിവാക്കിയിട്ടുണ്ട്
2	2/198A 2/199	ചെറുപുഷ്പം ,കല്ലിയാക്കോണം	2013ഒന്നാം അർദ്ധ വർഷം മുതൽ	2/199 നമ്പർ കെട്ടിടം പൊളിച്ചുമാറ്റി ലൈഫ് ഭവന പദ്ധതി പ്രകാരം നിർമിച്ച വീടാണ് 2/198A.2/199 നമ്പർ കെട്ടിടം വസ്തു നികുതി നിർണയ രജിസ്റ്ററിൽ നിന്നും ഒഴിവാക്കുന്നതിനായി അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്
3	5/81 5/81A	വിമല എം, കല്ലുപാറക്കുഴി പുത്തൻ വീട്	2013 ഒന്നാം അർദ്ധ വർഷം മുതൽ	5/81 നമ്പർ കെട്ടിടം പൊളിച്ചുമാറ്റി 5/81 A. ടി കെട്ടിടം വസ്തു നികുതി നിർണയ രജിസ്റ്ററിൽ നിന്നും ഒഴിവാക്കുന്നതിനായി അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്

4	5/300 5/301	രാജു എസ്, കൈതറക്കുഴി മേലേ പുത്തൻ വീട്	2013ഒന്നാം അർദ്ധ വർഷം മുതൽ	ടി കെട്ടിടങ്ങളെ സംബന്ധിച്ച സ്ഥല പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
5	5/414 5/415 5/415A	സി ജോർജ്, ഷിബു ഭവൻ	2013ഒന്നാം അർദ്ധ വർഷം മുതൽ	
6	5/425 5/425A	സരസമ്മ, ആനക്കൂഴി തട്ടത്തരികത്ത് വീട്	2013ഒന്നാം അർദ്ധ വർഷം മുതൽ	
7	7/171A 7/172	ഷീലകുമാരി, സോനു ഭവൻ	2013ഒന്നാം അർദ്ധ വർഷം മുതൽ	
8	7/216A 7/216C	കുഞ്ഞുകൃഷ്ണൻ നാടാർ, ആനക്കൂഴി തട്ടത്തരികത്ത് വീട്	2013ഒന്നാം അർദ്ധ വർഷം മുതൽ	

1/344 A നമ്പർ കെട്ടിടം ബിന്ദു എസ്(അഞ്ജന ഭവൻ) ന്റെ ഉടമസ്ഥതയിലാണ്.

സഞ്ചയയിലെ രേഖപ്പെടുത്തലുകൾ സമഗ്രമായി പരിശോധിക്കേണ്ടതും 60ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-20 വാടക യഥാസമയം പിരിച്ചെടുത്തിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, മണ്ഡപത്തിൻകടവ് വെയ്റ്റിംഗ് ഷെഡിനോട് ചേർന്ന കടമുറി എന്നിവ 2020-21 സാമ്പത്തിക വർഷത്തേയ്ക്കു വാടകയ്ക്കു നൽകിയിരുന്നു. ഓഡിറ്റിനു ലഭ്യമാക്കിയ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷം ഇവയുടെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. കോവിഡ് സാഹചര്യമായതിനാൽ 15.07.2020 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി PR No. XI(6) തീരുമാന പ്രകാരം ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക ഇളവു ചെയ്ത് നൽകിയിട്ടുണ്ട്. പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ OP IX/335,336,337 എന്നീ കടമുറികളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന് ഈ ഇളവ് ബാധകമല്ലായിരുന്നു. വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാടകക്കാരുടെ പേര്	സ്ഥാപനത്തിന്റെ പേര്	കടമുറി നമ്പർ	പ്രതിമാസ വാടക തുക (രൂപ)	മുടക്കം വരുത്തിയ കാലയളവ്
ശ്രീ. മുഹമ്മദ് കാസിം പിള്ള	പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സ്	01 (OP IX/326)	2655	08/2020 മുതൽ 03/2021 വരെ
ശ്രീ. നവാസ്	പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സ്	03 (OP IX/328)	967	09/2020 മുതൽ 03/2021 വരെ

ശ്രീ. പീരുക്കണ്ണ്	പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സ്	04 (OP IX/329)	775	02/2021 മുതൽ 03/2021 വരെ
ശ്രീ. അബ്ദുൾ മജീദ്	പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സ്	06 (OP IX/331)	1803	12/2020 മുതൽ 03/2021 വരെ
ശ്രീ. അബ്ദുൾ മജീദ്	പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സ്	08 (OP IX/333)	1702	11/2020 മുതൽ 03/2021 വരെ
ശ്രീ. ശരവണൻ	മണ്ഡപത്തിൻകടവ് വെയറ്റിംഗ് ഷെഡിനോട് ചേർന്ന കടമുറി	OP XII/527	14000	12/2020 മുതൽ 03/2021 വരെ

ഇതു സംബന്ധിച്ച് 21.02.2022 ൽ നൽകിയ 15 നമ്പർ ഓഡിറ്റ് എൻകുയറിക്ക് കടമുറികളുടെ വാടകക്കാർക്ക് മുടക്കം വന്ന തുക അടക്കുന്നതിന് രേഖാമൂലം അറിയിപ്പു നൽകിയിട്ടുണ്ടെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-21 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. മുൻകാല ലൈസൻസ് രജിസ്റ്ററിൽ ഈ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതിൽ ചില സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും (വൗച്ചറുകളുടെ പരിശോധന) പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. മനു ഷാമിയാന വർക്സ്, വാളികോട്
2. ഒലിവ് പെയിന്റ്സ് & ഹാർഡ്വെയേഴ്സ്, മണ്ഡപത്തിൻകടവ്
3. സൂര്യോദയം ഹാർഡ്വെയേഴ്സ്, മണ്ഡപത്തിൻകടവ്
4. കാർത്തിക മെഡിക്കൽസ്, മണ്ഡപത്തിൻകടവ്
5. മരിയൻ സൗണ്ട്സ്, മണ്ഡപത്തിൻകടവ്
6. അമ്പാടി ഗ്രാഫിക്സ് & ആർട്ട് വർക്സ്, മണ്ഡപത്തിൻകടവ്
7. ജനസേവന കേന്ദ്രം, മണ്ഡപത്തിൻകടവ്
8. ടിൻസ് ഫാഷൻസ്, മണ്ഡപത്തിൻകടവ്
9. നിധിൻ ഓഡിറ്റോറിയം, മണ്ഡപത്തിൻകടവ്
10. ന്യൂ കൈരളി ഓഡിറ്റോറിയം, പൂഴനാട്
11. എസ് എൻ ഡി പി ഹാൾ ഉലട്ടിമൂട്, ആലച്ചൽകോണം
12. പ്രഭ ഓയിൽ & ഫ്ലവർ മിൽ, മണ്ഡപത്തിൻകടവ്
13. മാർജിൻഫ്രീ മാർക്കറ്റ്, മണ്ഡപത്തിൻകടവ്
14. തിരുവോണം ബേക്കറി, മണ്ഡപത്തിൻകടവ്
15. അലയൻസ് ഗ്ലാസ്ഹൗസ്, മണ്ഡപത്തിൻകടവ്
16. ഹെബ്രോൺ ട്രേഡിംഗ്,മണ്ഡപത്തിൻകടവ്
17. നീതി മെഡിക്കൽസ്, മണ്ഡപത്തിൻകടവ്
18. ക്ഷീരോല്പാദക സഹകരണ സംഘം, പൂഴനാട്

19. ക്ഷീരോല്പാദക സഹകരണ സംഘം, ഒറ്റശേഖരമംഗലം

20. ക്ഷീരോല്പാദക സഹകരണ സംഘം, കുരവറ

21. ക്ഷീരോല്പാദക സഹകരണ സംഘം, ആലച്ചൽകോണം

22. കാശി കാർഷിക വിപണി, മണ്ഡപത്തിൻകടവ്

ഇതു സംബന്ധിച്ച് 21.02.2022 തീയതിയിൽ 07 നമ്പരായി നൽകിയ ഓഡിറ്റ് എൻകയറിക്കു കോവിഡ് കാലമായതിനാൽ യഥാവിധി നോട്ടീസ് നികുതി പിരിക്കാൻ കഴിഞ്ഞിട്ടില്ലെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-22 പിരിച്ചെടുത്ത നികുതി നിർദ്ദിഷ്ട നിരക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ലൈസൻസ് രജിസ്റ്ററിന്റെ പരിശോധനയിൽ ഏതാനും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷത്തേയ്ക്കും കൂടി ഈടാക്കിയ സ്ഥാപന തൊഴിൽ നികുതി നിർദ്ദിഷ്ട തൊഴിൽ നികുതി നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയിലെ നിരക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	കെട്ടിട നമ്പർ	രണ്ട് അർദ്ധവർഷത്തേയ്ക്കും കൂടി ഈടാക്കിയ നികുതി (രൂപ)
മരിയൻ മെറ്റീരിയൽ ഏജൻസി	OP X/174	720
ഹോട്ടൽ ബ്ലാക്ക് ടീ, മണ്ഡപത്തിൻകടവ്	OP XII/431	960

രണ്ട് അർദ്ധവർഷത്തേയ്ക്കും കൂടി ഈടാക്കിയ നികുതി തുക ഓരോ അർദ്ധവർഷത്തേയ്ക്കുമായി വിഭജിക്കുമ്പോൾ നിർദ്ദിഷ്ട നിരക്കുകളുമായി യോജിക്കുന്നില്ല. ടേൺ ഓവറിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതെങ്കിൽ ആയത് സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്കു ലഭ്യമാക്കാത്തതിനാൽ യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന നികുതി നിരക്കുകളെക്കുറിച്ച് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് അറിയുക സാദ്ധ്യമല്ല. മാത്രമല്ല ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് പഞ്ചായത്ത് അധികൃതരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച് 19.02.2022 ൽ 02 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻകയറിക്കു ലഭ്യമാക്കിയ മറുപടിയിൽ ചുരുങ്ങിയ ചെലവിൽ ചെറിയ തോതിൽ മാത്രമാണ് സ്ഥാപനം നടത്തുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തനതു ഫണ്ടിന്റെ പ്രധാന ഉറവിടമായ തൊഴിൽ നികുതി ഈടാക്കുന്നതിൽ കൃത്യതയും ജാഗ്രതയും പുലർത്തേണ്ടതാണ്.

1-23 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ ശ്രീ മഹാദേവ ക്ഷേത്രം ദേവസ്വം ഓഫീസ് ഒറ്റശേഖരമംഗലം, സി. ഡി. എസ് കുടുംബശ്രീ, കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ഓഫീസ് കുറ്ററ എന്നീ ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന്റെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 21.02.2022 തീയതിയിൽ 07 നമ്പരായി നൽകിയ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാലമായതിനാൽ നോട്ടീസ് നൽകാൻ സാധിച്ചിരുന്നില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതിയും തൊഴിൽ നികുതിയും പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-24 കടമുറി വാടകയ്ക്കു നൽകാൻ കഴിയാത്തതിനാൽ വരുമാന നഷ്ടം

പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ 02 (OP IX/327) നമ്പർ കടമുറി 2020-21 സാമ്പത്തിക വർഷം വാടകയ്ക്കു നൽകുവാൻ കഴിയാതെ ഒഴിഞ്ഞു കിടന്നതിനാൽ തനത് ഫണ്ടിന് വരുമാന ശോഷണം ഉണ്ടായിട്ടുണ്ട്. പ്രസ്തുത മുറിയുടെ വൈദ്യുതി, വെള്ളം തുടങ്ങിയ ചെലവുകൾ പഞ്ചായത്തിനു വഹിക്കേണ്ടി വരുന്നതിനാൽ ഈയിനത്തിൽ അധികച്ചെലവ് ഉണ്ടാവുകയും ചെയ്യുന്നു.

കടമുറി ഒഴിഞ്ഞുകിടക്കുന്നതു സംബന്ധിച്ച് 21.02.2022 ൽ 15 നമ്പരായി നൽകിയ ഓഡിറ്റ് എൻകൗയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാരണം ലേലം കൊള്ളാൻ ആരും ഇല്ലായിരുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒഴിഞ്ഞു കിടക്കുന്ന എല്ലാ മുറികളും ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-25 കുളങ്ങൾ ലേലം ചെയ്തു കൊടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ മത്സ്യം വളർത്തുന്നതിനു വേണ്ടി 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലേലം ചെയ്തു കൊടുത്ത് തനത് വരുമനം വർദ്ധിപ്പിക്കാവുന്നതണ്. വിവിധ വാർഡുകളിലെ പൊതു കുളങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ്	കുളങ്ങളുടെ പേര്
01	മണക്കാല	ഇടത്തറ വിളാകം കുളം
		കലവറക്കോണം കുളം
		ചാമക്കോണം കുളം
02	പേരേക്കോണം	പിറവൂർ കുളം
03	വാഴിച്ചൽ	ആറ്റൂർ കുളം
04	പ്ലാമ്പഴിഞ്ഞി	പ്ലാമ്പഴിഞ്ഞി കുളം
		ചെട്ടിക്കുന്ന് കുളം
05	വട്ടപ്പറമ്പ്	പന്നിയോട്ടുകോണം കുളം
06	ഒറ്റശേഖരമംഗലം	പുള്ളിക്കോണം കുളം
		ചടയമ്പ്രക്കോണം കുളം
		കാരാമം കുളം
		മൈപ്പറമ്പ് കുളം
		ഇണ്ടൂർ കുളം
		പാവംകോട് കുളം
07	കുരവറ	തച്ചംകോണം കുളം
		പാലോട്ടുകോണം കുളം
08	വാളികോട്	കക്കാട് കുളം
09	കുന്നനാട്	കളിയിക്കൽ കുളം
		പാക്കോട്ടുകോണം കുളം
10	കടമ്പറ	കരിഞ്ചെമ്പനാട് കുളം

ഇതു സംബന്ധിച്ച് 19.02.2022 ൽ 04 നമ്പരായി നൽകിയ ഓഡിറ്റ് എൻകവയറിയ്ക്കു ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള കുളങ്ങൾ ലേലം ചെയ്ത് നൽകിയിട്ടില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പൊതു കുളങ്ങൾ ലേലം ചെയ്യുന്നതിനുള്ള സാദ്ധ്യത പഞ്ചായത്ത് കമ്മിറ്റിക്ക് പരിഗണിക്കേണ്ടതും ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-26 ജി. എസ്. ടി ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം ലഭിച്ച വാടക തുകയോടൊപ്പം ജി എസ് ടി ഈടാക്കിയിട്ടില്ല. പൂഴനാട് ഷോപ്പിംഗ് കോംപ്ലക്സിലെ OP IX/335,336,337 എന്നീ കടമുറികളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടകയോടൊപ്പവും OP IX/326 നമ്പർ കടമുറിയുടെ വാടകയോടൊപ്പവും ആണ് ജി എസ് ടി ഈടാക്കാത്തതായി കണ്ടെത്തിയിട്ടുള്ളത്. നികുതി നിർവ്വഹണത്തിന്റെ കീഴിൽ വരുന്ന ഒരു സേവനമോ ഉല്പന്നമോ പ്രതിഫലം വാങ്ങി വിതരണം ചെയ്യുകയോ വിനിമയം ചെയ്യുകയോ ചെയ്യുമ്പോഴാണ് ചരക്കു-സേവന നികുതി (ജി എസ് ടി) ബാധകമാകുന്നത്. 2017-ലെ കേരള സംസ്ഥാന ജി എസ് ടി ആക്ട്, ചാപ്റ്റർ III, ഖണ്ഡിക 7 പ്രകാരം ചരക്കുകളുടെയോ സേവനങ്ങളുടെയോ എല്ലാ തരത്തിൽപ്പെട്ട വിനിമയങ്ങൾക്കും ജി എസ് ടി ബാധകമാണ്. ചാപ്റ്റർ IV, ഖണ്ഡിക 12 പ്രകാരം ചരക്കുകൾ വിനിമയം ചെയ്യുന്ന വേളയിൽ തന്നെ ജി എസ് ടി ഈടാക്കേണ്ടതാണ്. ജി എസ് ടി ആക്ട് പ്രകാരം വാടക തുകകളോടൊപ്പം നിർദ്ദിഷ്ട നിരക്കിലുള്ള ചരക്കു-സേവന നികുതി ഈടാക്കേണ്ടതായിരുന്നുവെങ്കിലും ആയത് ഈടാക്കാത്തിനാൽ സർക്കാരിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

ഇതു സംബന്ധിച്ച് 21.02.2022 ൽ 15 നമ്പരായി നൽകിയ ഓഡിറ്റ് എൻകവയറിയ്ക്കു ലഭ്യമാക്കിയ മറുപടിയിൽ ജി എസ് ടി ഈടാക്കിയിട്ടില്ലെന്നു രേഖപ്പടുത്തിയിട്ടുണ്ട്. സ്ഥാപനം വിതരണം നടത്തുന്ന എല്ലാ സാധനങ്ങൾക്കും സേവനങ്ങൾക്കും ആനുപാതികമായ ജി എസ് ടി ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടത് സ്ഥാപന മേലധികാരിയുടെ ബാദ്ധ്യതയാണ്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-27 വാഹനങ്ങളുടെ ഇൻഷ്വറൻസ്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

വൌച്ചർ നം. 22000187/12.6.2020 (ചെക്ക് നം.822374/12.06.20-9664/-)

വൌച്ചർ നം. 22000214/16.6.2020 (ചെക്ക് നം.822377/16.06.20-9664/-)

18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ ഓഫീസ് വാഹനം (KL-19-7988 ബൊലേറോ ജീപ്പ്), PHC ആംബുലൻസ് (KL-19-H-9766) എന്നിവയുടെ ഇൻഷ്വറൻസ് The New India Assurance Company LTD ൽ നിന്നാണ് എടുത്തിട്ടുള്ളത്. ഇൻഷ്വറൻസ് ചെലവിലേക്കായി സ്ഥാപനത്തിന് തൻവർഷം 19677/- (10013+9664) രൂപ നൽകിയിട്ടുണ്ട്.

ബൊലേറോ ജീപ്പിന്റെ ആർ.സി.ബുക്കിന്റെ പകർപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും, ആർ.സി.ബുക്കിന്റെ Duplicate ലഭിക്കാൻ കാലതാമസമുണ്ടായതിനാലാണ് The New India Assurance Company LTD ൽ നിന്നും ഇൻഷ്വറൻസ് എടുത്തതെന്നുമാണ് സെക്രട്ടറിയുടെ വിശദീകരണം. സംസ്ഥാന ഇൻഷ്വറൻസിൽ നിന്ന് സമയബന്ധിതമായി ഇൻഷ്വറൻസ് എടുക്കാൻ കാലതാമസം നേരിട്ടതിനാലാണ് ആംബുലൻസിന്റെ ഇൻഷ്വറൻസ് മേൽ സ്ഥാപനത്തിൽ നിന്ന് എടുത്തതെന്ന് മെഡിക്കൽ ഓഫീസർ വിശദീകരണം നൽകുകയുണ്ടായി.

തുടർ വർഷങ്ങളിൽ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 സാക്ഷരത പ്രേരക്മാർക്ക് ഓണറേറിയം നൽകിയത്- തുക റീകൂപ്പ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്

വൌച്ചർ നം. 22001337/20.03.2021 (ചെക്ക് നം.8828633,828634/18.3.21)-

സാക്ഷരത പ്രേരക്മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാമിഷൻ പിന്നീട് തിരികെ നൽകുമെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

തനത്ഫണ്ടിൽ നിന്ന് നൽകുന്നതിന് സ.ഉ(സാധാ) നം.626/2021/ത.സ്വ.ഭ.വ തീയതി.26.02.2021 പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രേരക്മാരുടെ 12/20, 01/21 മാസങ്ങളിലെ ഓണറേറിയമായ 34000/- രൂപ (ശ്രീ.ധർമ്മരാജ്.വി- 17200, ശ്രീമതി ലൈല.ജെ- 16800) ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ സാക്ഷരത മിഷനിൽനിന്നും തിരികെ ലഭ്യമാക്കിയിട്ടില്ല.

തുക ലഭ്യമാകുന്ന മുറയ്ക്ക് റീകൂപ്പ് ചെയ്യുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്(ഓഡിറ്റ് എൻകെയറി നം.24). ഇതിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-29 നിഷ്ക്രിയാസ്തിയായ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന് വൈദ്യുത കണക്ഷൻ- തുക പാഴായി

പ്രോജക്ട് നം. - 175/21

അടങ്കൽ - 44000/- (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് - 42387/- രൂപ (ബിൽ നം.34/13.11.2020)

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം മണ്ഡപത്തിൻകടവ് മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന് ത്രീഫേസ് കണക്ഷൻ എടുക്കാനായാണ് തുക ചെലവഴിച്ചിരിക്കുന്നത്. പ്രസ്തുത യൂണിറ്റ് സ്ഥിതിചെയ്യുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന്റേതാണെങ്കിലും, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻകെയറി(നം. 17) നൽകിയതിന് മറുപടിയായി പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം നിർമ്മിച്ചതാണ് പ്രസ്തുത യൂണിറ്റെന്നും, വെള്ളപ്പൊക്കത്തിൽ മെഷീനറി തുരുമ്പെടുത്തത് കാരണം പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ലായെന്നുമാണ് വിശദീകരണം നൽകിയിരിക്കുന്നത്.

പ്രസ്തുത യൂണിറ്റ് നിലനിൽക്കുന്നത് വെള്ളപ്പൊക്ക സാധ്യതയുള്ള സ്ഥലത്താണ്. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിനുവേണ്ട അടിസ്ഥാന സൗകര്യമില്ലാത്ത കെട്ടിടത്തിലാണ് മെഷീനറികൾ സ്ഥാപിച്ചിരിക്കുന്നതെന്ന് സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്തതും, തുടർന്ന് പ്രവർത്തിക്കാൻ സാധ്യമല്ലാത്തതുമായ പ്രസ്തുത യൂണിറ്റിന് വൈദ്യുതകണക്ഷനായി ഗ്രാമപഞ്ചായത്തിൽ നിന്ന് തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. നിഷ്ക്രിയാസ്തിയായ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റിന്റെ വൈദ്യുതചാർജിനത്തിൽ ഇപ്പോഴും ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. 2020-21 സാമ്പത്തികവർഷം വൈദ്യുതചാർജിനത്തിൽ 23247/- രൂപ ചെലവഴിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകെയറി നം.35 നുള്ള മറുപടി). ഫണ്ടിന്റെ അപര്യാപ്തത നേരിടുന്ന ഗ്രാമപഞ്ചായത്തിൽ നിന്ന് ഇപ്രകാരം തുക പാഴാകുന്നതിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

1-30 ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിൽ കൂടുതൽ ജാഗ്രത വേണം

ലോഗ്ബുക്ക് പരിശോധനയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 7988 Bolero Jeep എന്ന നമ്പരിലുള്ള ഔദ്യോഗിക വാഹനം അനാവശ്യ യാത്രകൾക്കു വേണ്ടി ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഇത്തരം യാത്രകളെ ഔദ്യോഗിക യാത്രകളായി അംഗീകരിക്കുവാൻ കഴിയുകയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	യാത്രാരംഭത്തിലെ കി.മീ. റീഡിംഗ്	യാത്രയുടെ ഉദ്ദേശ്യം	യാത്രാവസാനത്തിലെ കി.മീ. റീഡിംഗ്	ആകെ സഞ്ചരിച്ച ദൂരം (കി.മീ.)	ഇന്ധന ഉപഭോഗ ക്ഷമത സർട്ടിഫിക്കറ്റ് ഇന്ധന ഉപഭോഗ നിരക്ക്
26.05.2020	196750	AFS തയ്യാറാക്കുന്നതിന് ആളെ വിളിക്കാൻ	196780	30	11 K.M/Ltr

		താന്നിവിള പോയത്. ആരെയാണ് എന്നത് വ്യക്തമാക്കിയിട്ടില്ല.			
26.05.2020	196810		196840	30	11 K.M/Ltr
28.05.2020	196906		196936	30	11 K.M/Ltr
28.05.2020	196936		196967	31	11 K.M/Ltr
30.09.2020	198923	തൃശീലൻ മെമ്പറുടെ വീട്ടിൽ പോയത്			
22.12.2020	201886	നെയ്യാറ്റിൻകര പെർഫോമൻസ് ഓഡിറ്റിംഗിലെ സ്റ്റാഫുകളെ ഓഡിറ്റിന് വിളിച്ചുകൊണ്ടുവരാൻ പോയത്	201928	42	12 K.M/Ltr
22.12.2020	201928	ഓഡിറ്റിന് വന്നവരെ നെയ്യാറ്റിൻകര പെർഫോമൻസ് ഓഡിറ്റിൽ കൊണ്ടാക്കാൻ പോയത്	201970	42	12 K.M/Ltr

പഞ്ചായത്തിൽ അക്കൗണ്ടന്റ് സേവനമനുഷ്ഠിക്കുന്നതിനാലും എ എഫ് എസ് തയ്യാറാക്കുന്നതിന് ഐ കെ എം സ്റ്റാഫിന്റെ സേവനം ലഭ്യമാകുന്നതിനായി ഐ കെ എം വിഹിതം നൽകുന്നതിനാലും ഔദ്യോഗിക വാഹനത്തിൽ എ എഫ് എസ് തയ്യാറാക്കുന്നതിനുള്ള ആളെ വിളിച്ചുകൊണ്ടു വന്നതും തിരികെ കൊണ്ടു വിട്ടതും ഒഴിവാക്കാവുന്നതാണ്. ആയതിനാൽ ഔദ്യോഗിക വാഹനം തികച്ചും ഔദ്യോഗികവും അവശ്യവും ആയ യാത്രകൾക്കു മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും ശരിയായ രീതിയിലുള്ള പരിപാലനവും കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. ഓഡിറ്റ് എൻകയറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വാഹന ഉപയോഗത്തിൽ കൂടുതൽ ജാഗ്രത വേണമെന്ന് നിർദ്ദേശിക്കുന്നു.

1-31 മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകതകൾ

പ്രോജക്ട് നം. - 46/21 (വിയ്യക്കോണം കോളനിയിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ)

അടങ്കൽ - 250000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 2,50,000/- (ബിൽ നം. 8/14.5.2020)

ഗ്രാമപഞ്ചായത്തിലെ വിയ്യക്കോണം കോളനിയിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. 7 M G.I One Pole Mini Mast LED സ്ഥാപിക്കാനായി 250000/- രൂപയുടെ പ്രൊഫോർമ ഇൻവോയിസാണ് സ്ഥാപനം

നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ കൂടാതെ പരിഗണിക്കാൻ സർക്കാർ അനുമതി നൽകുകയോ പ്രത്യേക നിരക്ക് സർക്കാർ അനുവദിച്ചു നൽകിയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം(നം.28) നൽകിയതിന് CFL Road Light, Flood Lights മുതലായവയുടെ അംഗീകൃത സപ്ലൈയർ രജിസ്ട്രേഷൻ പുതുക്കിയതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രമാണ് ലഭ്യമാക്കിയത്.

ഇതിന്മേൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

1-32 തെരുവ് വിളക്ക് പരിപാലനം- നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. - 163(ഗ്രാമപഞ്ചായത്തിലെ 14 വാർഡിലെയും സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കി സ്ഥാപിക്കൽ)

അടങ്കൽ - 36,00,000/- (ബഹുവർഷപ്രോജക്ട്)

ചെലവ് - 2399480/-

Bill No.7/04.05.2020-326964/-, 36/17.11.2020 -436388/-, 38/17-11.20 -436388/-, 37/16.11.2020 – 326964, 5/14.05.2020 – 436388/-, 6/14.05.2020 – 436388/-

ഗ്രാമ പഞ്ചായത്തിലെ 14 വാർഡിലെയും സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തന ക്ഷമമാക്കി സ്ഥാപിക്കൽ എന്ന ബഹുവർഷപ്രോജക്ട് (2019-20, 2020-21, 2021-22) പ്രകാരം ARTCO LTD എന്ന അക്രെഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാനാണ് അംഗീകാരം വാങ്ങിയിട്ടുള്ളത്. മാറ്റി സ്ഥാപിച്ച ലൈറ്റുകൾക്ക് 3 വർഷത്തെ എ.എം.സി-യും ഉൾപ്പെടെയാണ് കരാർ വച്ചിട്ടുള്ളത്. വാർഡ് മെമ്പർമാർ ലഭ്യമാക്കിയ പോസ്റ്റുനമ്പരുകളുടെ ലിസ്റ്റ് പ്രകാരം ആകെ 1031 എണ്ണം 25W LED ബൾബ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതിലേക്കായി 3599221/- രൂപയുടെ ബില്ലാണ് സ്ഥാപനം നൽകിയിട്ടുള്ളത്(25 W LED Light- 3191/- , Fitting& Accessories- 150/-, Instalation Charge- 150 നിരക്കിൽ 1031 എണ്ണം മാറ്റിസ്ഥാപിച്ചതിന്റെ തുക). ഇതിൽ ആദ്യ രണ്ട് ഗഡുക്കളായ 2399480/- രൂപയാണ് തൻവർഷം നൽകിയിട്ടുള്ളത്. മൂന്നാം ഗഡു അടുത്ത സാമ്പത്തികവർഷമാണ് നൽകിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1. ARTCO LTD – നെ ടെണ്ടർ കൂടാതെ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് ചുമതലപ്പെടുത്തിയത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ LED ബൾബ് Purchase ചെയ്യാനുള്ള ഉത്തരവാണ് ലഭ്യമാക്കിയത്.

2. കരാർ വ്യവസ്ഥ പ്രകാരം, പ്രവൃത്തി കഴിഞ്ഞ് ഏതൊക്കെ അറ്റകുറ്റപ്പണികളാണ് നടത്തിയതെന്ന് (പോസ്റ്റ് നം. ഉൾപ്പെടെ) കെ.എസ്.ഇ.ബി. ഡിവിഷണൽ എൻജിനീയറുടെ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കണ്ടതുണ്ട്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

3. പുതിയ ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ പഴയ ലൈറ്റുകളും, അനുബന്ധസാധനങ്ങളും തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്ത്, ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻകെയറി നം.37), ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി. ആക്കുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതി പ്രകാരം ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും, എ.എം.സി. കാലയളവിൽ പഞ്ചായത്തിൽ നിന്ന് അറിയിച്ചതിനെ തുടർന്ന് ആയവ നന്നാക്കിയിട്ടുണ്ടെന്നും, ഉപയോഗശൂന്യമായ ലൈറ്റുകൾ ലഭിച്ചിട്ടില്ലായെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

തുടർവർഷങ്ങളിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലേയും, കരാർവ്യവസ്ഥ പ്രകാരവുമുള്ള നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്- ചെലവ് തുക 652315യ- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 47/21 (പഞ്ചായത്തിലെ 14 വാർഡുകളിലേയും ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ)

അടങ്കൽ - 652315/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 652315/- (ബിൽ നം. 3/14.5.20- 131697, 4/14.5.20- 88320, 16/8.7.20- 432298)

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലേയും ഇലക്ട്രിക്ക്പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനായി കെ.എസ്.ഇ.ബിക്ക് പ്രോജക്ട് പ്രകാരം 652315/- നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി-യിൽ നിന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നും ആയതിന് കത്ത് നൽകിയിട്ടുണ്ടെന്നും വിശദീകരണം നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻകയറി നം. 28 നുള്ള മറുപടി). വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ 652315/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 എസ്.എൽ.ഐ., ജി.ഐ.എസ് ഈടാക്കിയതിൽ കുറവ്

1. സംസ്ഥാന സർവ്വീസിൽ 19.08.1976 നോ അതിന് ശേഷമോ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ, ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാസമയം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതും,(ചട്ടം 22 എ, കെ എസ് ആർ) ശമ്പള പരിധി മാറുന്നതിനനുസരിച്ച് അഡീഷണൽ പോളിസി എടുക്കേണ്ടതുമാണ്. ജി.ഒ.(പി)149/2016/ധന/04.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ച നിരക്കിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും SLI ഇനത്തിൽ പ്രതിമാസ പ്രീമിയം ഈടാക്കുന്നില്ല.

ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്	അടിസ്ഥാന ശമ്പളം	ഈടാക്കേണ്ട തുക	ഈടാക്കിയ തുക
ശ്രീ. ഗണേഷ്.ആർ, H.C	36600	500	150
ശ്രീ.വി.കെ.ശ്രീകുമാർ, H.C	36600	500	150

2. സംസ്ഥാന സർവ്വീസിൽ 01.09.1984 നോ അതിനു ശേഷമോ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ, ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാസമയം നിശ്ചയിക്കുന്ന നിരക്കിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതും (ചട്ടം 22 ബി, കെ എസ് ആർ) സർവ്വീസ് അവസാനിക്കുന്നതുവരെ പോളിസിയിൽ തുടരേണ്ടതുമാണ്. ജി.ഒ.(പി)112/2016/ ധന/01.08.2016 പ്രകാരം 01.09.2017 പ്രബല്യത്തിൽ പുതുക്കി നിശ്ചയിച്ച നിരക്കിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും GIS ഇനത്തിൽ പ്രതിമാസ പ്രീമിയം ഈടാക്കുന്നില്ല.

ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്	അടിസ്ഥാന ശമ്പളം	ഈടാക്കേണ്ട തുക	ഈടാക്കിയ തുക
ശ്രീമതി ശൈലജകുമാരി	19000	400	-
ശ്രീ.വി.കെ.ശ്രീകുമാർ, H.C	36600	500	-

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-35 കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.

1996 ലെ കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ് ആക്റ്റ് വകുപ്പ് 3-1 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ബന്ധപ്പെട്ട പ്രവൃത്തിയുടെ ബില്ലിൽ നിന്ന് വസൂലാക്കി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3-3 പ്രകാരം വസൂലാക്കിയ തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ കേരള നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചയിനത്തിൽ കളക്ഷൻ ചാർജ്ജ്

ഈടാക്കിയിട്ടില്ലാത്തതായി കണ്ടു. കളക്ഷൻ ചാർജ്ജിനത്തിൽ അർഹമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻകയറി നമ്പർ തീയ്യതി 08/20)

1-36 കുടിവെള്ളക്കരം ഒടുക്കൽ- ചെലവ് തുക സംബന്ധിച്ച് വ്യക്തതയില്ല- 7,16,283/- രൂപയുടെ ചെലവ് തടസ്സപ്പെട്ടുത്തുന്നു

പ്രോജക്ട് നം. - 3/2021 (കുടിവെള്ളക്കരം ഒടുക്കൽ)

അടങ്കൽ - 9,00,000/-

ഫണ്ടിനം-

ചെലവ് - 7,16,283/- (ബിൽ നം. 12/29.6.20-157500, 20/21.5.20-52500, 24/8.10.20- 157500, 41/4.2.21- 157500, 48/18.2.21-52500, 54/10.3.21- 129940, 58/26.3.21- 8843)

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം അതാത് മാസങ്ങളിൽ തനത് ഫണ്ടിൽ നിന്നും ഒടുക്കിവരുന്നത് റീകൂപ്പുചെയ്യുകയെന്നതാണ് പ്രോജക്ട് ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആകെ പൊതുടാപ്പുകളുടെ എണ്ണം 22.10.2019 ൽ സംയുക്തപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 120 ആണെന്ന് വാട്ടർ അതോറിറ്റിയിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ 08/20, 09/20 മാസങ്ങളിൽ 124 ടാപ്പുകളുടേയും, തുടർന്നുള്ള മാസങ്ങളിൽ 129 ടാപ്പുകളുടേയും വെള്ളകരം ഡിമാന്റ് ചെയ്തിരിക്കുന്നു. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചത് സംബന്ധിച്ച് വാട്ടർഅതോറിറ്റിയിൽ നിന്ന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. കൂടാതെ പിഴയിനത്തിലും തുക ഡിമാന്റ് ചെയ്തിരിക്കുന്നു. മേൽ തുകയെല്ലാം ഒടുക്കിയിട്ടുണ്ട്.

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടതിന് (എൻകയറി നം.6) മറുപടിയായി 2020 ജൂലൈ മാസം വരെ 120 ടാപ്പുകൾക്ക് 52500/- രൂപയാണ്(ടാപ്പൊന്നിന് 5250/- രൂപ വാർഷികനിരക്കിൽ) അടവാക്കിയിട്ടുള്ളതെന്നും, തുടർന്ന് കുരുവിയോട് കോളനിയിൽ 4 ടാപ്പുകൾ സ്ഥാപിച്ചതിനാൽ 2020 സെപ്തംബർ വരെ 124 ടാപ്പുകളുടേയും, തുടർന്ന് വട്ടപ്പറമ്പ് തളിക്കോണം എസ്.സി.കോളനിയിൽ 5 പൈപ്പുകൾ സ്ഥാപിച്ചതിനാൽ 2020 ഒക്ടോബർ മുതൽ 129 ടാപ്പുകളുടേയും തുകയാണ് നൽകിയതെന്ന് അറിയിക്കുകയുണ്ടായി. 2020 മാർച്ച് മുതൽ 2021 ഫെബ്രുവരി വരെയുള്ള തുകകൾ ഒടുക്കിയതാണ് റീകൂപ്പ് ചെയ്തതെന്നും, പിഴയിനത്തിൽ തുക ഒടുക്കിയിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി.

മറുപടി പ്രകാരം കണക്കാക്കുമ്പോൾ 12 മാസത്തെ (03/2020 മുതൽ 02/2021 വരെ) വെള്ളക്കരമിനത്തിൽ അടവാക്കേണ്ട തുക 653187.5/- രൂപയാണ് (52500*5 + 54250*2 + 56437.5*5)പ്ലാൻ ഫണ്ടിൽ നിന്ന് ചെലവ് ചെയ്തത്. എന്നാൽ പ്രോജക്ട് പ്രകാരം 716283/- രൂപയാണ് റീകൂപ്പ് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുള്ളത്. ഡിമാന്റ് തുക സംബന്ധിച്ച് കൂടുതൽ വ്യക്തത വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കാതെ ഡിമാന്റ് ചെയ്ത മുഴുവൻ തുകയും നൽകിയിരിക്കുന്നു. പ്രോജക്ട് പ്രകാരം അധികം തുക (716283+653187.5=63095.5) ചെലവഴിച്ചത് സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി അധികം ചെലവ് തുക 63095.5/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-37 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുകയോ ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന

ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 24.02.2022 നു നൽകിയ 33 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-38 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL 19 7988 എന്ന നമ്പരിലുള്ള Bolero Jeep വാഹനമാണുള്ളത്. ഇതിന്റെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വാഹനത്തിന്റെ ഇൻഷുറൻസ് സർക്കാർ വകുപ്പിൽ എടുത്തിട്ടില്ല

KL 19 7988 എന്ന നമ്പരിലുള്ള ഔദ്യോഗിക വാഹനത്തിന്റെ 2020-2021 കാലയളവിലെ ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുത്തിട്ടില്ല. ദി ന്യൂ ഇന്ത്യ അഷുറൻസ് കമ്പനി ലിമിറ്റഡിൽ നിന്നുമാണ് ഇക്കാലയളവിലെ ഇൻഷുറൻസ് എടുത്തിട്ടുള്ളത്. ഇത് സർക്കാർ ഉത്തരവിന് കടകവിരുദ്ധമായ നടപടിയാണ്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

ഇക്കാര്യം സംബന്ധിച്ച് 24.02.2022 ൽ 33 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് ഭാവിയിൽ കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും ഇൻഷുറൻസ് എടുക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടുത്ത തവണ ഇഷുറൻസ് പുതുക്കുന്ന സമയത്ത് കേരള സർക്കാരിന്റെ ഇൻഷുറൻസ് വകുപ്പിൽ നിന്നും നിർബന്ധമായും ഇഷുറൻസ് എടുക്കേണ്ടതാണ്.

പുക പരിശോധയ്ക്ക് (Pollution Test)വിധേയമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 7988 Bolero Jeep വാഹനത്തെ 2020-21 സാമ്പത്തിക വർഷം പുക പരിശോധനയ്ക്കു വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 24.02.2022 തീയതിയിൽ 33 നമ്പരായി നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് ഭാവിയിൽ പൊല്യൂഷൻ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് സൂക്ഷിക്കുന്നതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്കു വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ പരിപാലിക്കുന്നില്ല

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 24.02.2022 തീയതിയിൽ 33 നമ്പരായി ഓഡിറ്റ് എൻകൃയറി നൽകിയെങ്കിലും മെയിന്റനൻസ് ആന്റ് റിപ്പയർ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളിലൊന്നാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ. ആയതിനാൽ പ്രസ്തുത രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

1-39 ചെലവഴിക്കാത്ത തുക തിരികെ ഒടുക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് 2018-19 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയ പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുകയിൽ നിന്നും പഞ്ചായത്ത് വിഹിതം കണക്കാക്കി തിരികെ ഒടുക്കേണ്ടതാണ്. വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും ഗുണഭോക്താവ് നേരിട്ടു ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് ഇത്തരം പദ്ധതികൾക്ക് അടങ്കൽ തുക നിശ്ചയിക്കുന്നത്. 2018-19 സാമ്പത്തിക വർഷം മുതലുള്ള മൂന്നു വർഷത്തെ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവഴിക്കാൻ കഴിയാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2018-19 സാമ്പത്തിക വർഷം	
പഞ്ചായത്തിൽ നിന്നും ലഭിച്ച തുക	468750
മൃഗസംരക്ഷണ വകുപ്പ് സബ്സിഡി തുക	468750
ആകെ ധനസഹായ തുക	937500
ചെലവഴിച്ച തുക	861883
ചെലവഴിക്കാതെ അവശേഷിക്കുന്ന തുക	75617

2019-20 സാമ്പത്തിക വർഷം	
പഞ്ചായത്തിൽ നിന്നും ലഭിച്ച തുക	312500
മൃഗസംരക്ഷണ വകുപ്പ് സബ്സിഡി തുക	312500
ആകെ ധനസഹായ തുക	625000
ചെലവഴിച്ച തുക	596634.5
ചെലവഴിക്കാതെ അവശേഷിക്കുന്ന തുക	28365.5

2020-21 സാമ്പത്തിക വർഷം	
പഞ്ചായത്തിൽ നിന്നും ലഭിച്ച തുക	462500
മൃഗസംരക്ഷണ വകുപ്പ് സബ്സിഡി തുക	462500
ആകെ ധനസഹായ തുക	925000
ചെലവഴിച്ച തുക	331821
ചെലവഴിക്കാതെ അവശേഷിക്കുന്ന തുക	130679

വിനിയോഗ സാക്ഷ്യപത്രങ്ങളിലെ ചെലവഴിക്കപ്പെടാത്ത തുകകളിൽ നിന്നും പഞ്ചായത്ത് വിഹിതം കണക്കാക്കി തിരികെ ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ- അവലോകനം

ഗ്രാമപഞ്ചായത്തിൽ കോവിഡ് -19 ന്റെ പാശ്ചാത്തലത്തിൽ 28 പേരടങ്ങുന്ന Emergency Response Team രൂപീകരിച്ചിട്ടുണ്ട്. Covid First Line Treatment സെന്റർ ആരംഭിച്ചിട്ടില്ല. Covid-19 ന്റെ പ്രതിരോധപ്രവർത്തനങ്ങൾക്കായി സർക്കാർ, വിവിധ ഏജൻസികൾ, പൊതുജനങ്ങൾ, സന്നദ്ധസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിച്ച തുകകൾ നിക്ഷേപിക്കുന്നതിനും, പിൻലവിക്കുന്നതിനുമായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ജില്ലാ

ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് തുക അനുവദിച്ചിട്ടില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രണ്ട് പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിരുന്നു (പ്രോജക്ട് നം. 209/21, 229/21). ഒരു കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചു. പഞ്ചായത്ത് പരിധിയിൽ ഒരു ഡോമിസിലറി കോവിഡ് കെയർ സെന്റർ പ്രവർത്തിച്ചിരുന്നു. ഇവിടെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു സ്റ്റാഫ് നഴ്സിനേയും, ഒരു ക്ലീനിംഗ് സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട് (അവലംബം-ഓഡിറ്റ് എൻകയറി നം. 25 നുള്ള മറുപടി).

വികസനഫണ്ടിൽ നിന്നും 239188/- രൂപ കമ്മ്യൂണിറ്റി കിച്ചനുവേണ്ടിയും, 48358/- രൂപ മറ്റ് കോവിഡ് പ്രധിരോധ പ്രവർത്തനങ്ങൾക്കായും ചെലവഴിച്ചു. ഇതിലേക്കായി വാങ്ങിയ/ സംഭാവനയായി ലഭിച്ച സാധനങ്ങൾ സംബന്ധിച്ച് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ലായെന്ന് കാണുന്നു.

1-41 അങ്കണവാടി പോഷകാഹാരം-ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

പദ്ധതി	അങ്കണവാടി പോഷകാഹാരം
പദ്ധതി നമ്പർ	194/20-21
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ	17,00,000/-
ചെലവ്	14,83,263/-
ബിൽ നമ്പർ, തീയതി, തുക ബിൽ നമ്പർ, തീയതി, തുക ബിൽ നമ്പർ, തീയതി, തുക ചെക്ക് നം,തീയതി,തുക ചെക്ക് നം,തീയതി,തുക	12/20-21/08.10.20-3,74,533 13/20-21/30.11.20-3,74,699 16/20-21/09.12.20/1,62,319 695020811/10.02.21-1,75,093 1706955/25.03.21/3,08,170

പ്രസ്തുത പദ്ധതി പ്രകാരം 6,60,854/-രൂപക്ക് ശക്തിശ്രീ ന്യൂട്രിമിക്സ് 2020-21 സാമ്പത്തിക വർഷം വാങ്ങിയിട്ടുണ്ട്, എന്നാൽ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്-ബി3-312 നം.കത്ത് പ്രകാരം ഗുണനിലവാരം ഉറപ്പ് വരുത്തുന്ന ന്യൂട്രിമിക്സ് ലാബ് പരിശോധനാ സർട്ടിഫിക്കറ്റ് ഓഡിറ്റിന്റെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനക്കായി 2020-21 കാലയളവിൽ അയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിശോധനാ ഫലം ലഭ്യമായിട്ടില്ലായെന്നും 9.8.2021 ൽ പരിശോധനക്കായി അയച്ച സാമ്പിളും ഡി.ഡി യും തിരികെ വരികയും ഐ.സി.ഡി.എസ്-ബി3-8415/20(1) നമ്പർ വനിത ശിശു വികസന വകുപ്പ് നിർദ്ദേശ പ്രകാരം സാമ്പിളുകൾ പരിശോധനക്കായി അയക്കേണ്ടതില്ലെന്നും തിരുവനന്തപുരം റീജിണൽ അനലിറ്റിക്കൽ ലാബിൽ പരിശോധനക്ക് അയക്കുന്നതിന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 19.02.2022 ൽ സാമ്പിൾ പരിശോധനക്ക് സി.ഡി.പി.ഒ മുഖാന്തിരം അയച്ചിട്ടുണ്ടെന്ന മറുപടിയാണ് വിഷയം സംബന്ധിച്ച് 21.02.22 ൽ നൽകിയ ഓഡിറ്റ് അന്വേക്കുറിപ്പ് നം.9 ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയിട്ടുള്ള മറുപടി. ന്യൂട്രിമിക്സ് ലാബ് പരിശോധനാ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-42 അംഗൻവാടികളിലെ ഭൗതികസൗകര്യങ്ങൾ അപര്യാപ്തം-പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1,3.2.2,3.2.3,3.4.2,3.4.3 എന്നിവ അനുശാസിക്കും പ്രകാരം അങ്കണവാടികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് 21.02.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അപാകം	എണ്ണം
1	സ്വന്തമായി കെട്ടിടം ഇല്ലാത്തവ	6
2	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	5
3	സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ	4
4	ചുറ്റുമതിൽ ഇല്ലാത്തവ	2
5	ഓട്ടോമാറ്റിക്ക് ഗേറ്റ് ഇല്ലാത്തവ	22
6	റോഡിന് സമീപത്ത് അല്ലാത്തവ	1
7	ഭിന്നശേഷിക്കാർക്കായി റാമ്പ് ഉല്ലാത്തവ	22
8	ശിശു സൗഹാർദ്ദ പെയിന്റിംഗ് ഇല്ലാത്തവ	22
9	വൈദ്യുതി ഇല്ലാത്തവ	2
10	വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ	14
11	കുടിവെള്ള സൗകര്യം ഇല്ലാത്തവ	1

വികസനരേഖ പ്രകാരം അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വൈദ്യുതി, വെള്ളം, ഫർണിച്ചർ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത സർക്കാർ ഉത്തരവ് ഖണ്ഡിക 4.2.1 പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യപ്തത പരിഹരിക്കുകയും ചെയ്യണം. മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാണ്. വൈദ്യുതി, കുടിവെള്ളം പോലുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത അങ്കണവാടികൾ ഉണ്ടെന്നത് ഗുരുതരമായ കാര്യമാണ്.

ആയതിനാൽ അംഗൻവാടികളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-43 അംഗൻവാടി നിർമ്മാണം -തുടർ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ 2020-21 കാലയളവിൽ നടപ്പിലാക്കിയ രണ്ട് അംഗൻവാടി നിർമ്മാണത്തിലും സിവിൽ,പ്ളംബിംഗ് വർക്കുകൾ ഇല്ലാത്ത പണിയാണ് ചെയ്തിട്ടുള്ളത്.

1) പൂഴനാട് അംഗൻവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നം-194/20)

14,50000 രൂപ അടങ്കലുള്ള ഈ പ്രോജക്ടിൽ ഇലക്ട്രിക്കൽ,പ്ളംബിംഗ് വർക്കുകൾക്ക് പ്രോവിഷൻ നല്കിയിട്ടില്ല. സ്ഥലപരിശോധനയിൽ 90% പണിയും പൂർത്തികരിച്ചിട്ടുണ്ട്. വൈദ്യുതിയും വെള്ളവും ഇല്ലാത്ത നിലയിൽ അംഗൻവാടി കെട്ടിടം പണിതതിന്റെ പ്രായോഗികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

2) വട്ടപ്പറമ്പ് അംഗൻവാടി കെട്ടിട നിർമ്മാണം (പ്രോജക്ട് നം-114/20)

14,50000/- രൂപ അടങ്കലുള്ള ഈ പ്രോജക്ടിൽ ഇലക്ട്രിക്കൽ,പ്ളംബിംഗ് വർക്കുകൾക്ക് പ്രോവിഷൻ നല്കിയിട്ടില്ല. സ്ഥല പരിശോധനയിൽ 100%പണിയും പൂർത്തികരിച്ച് അംഗൻവാടി പ്രവർത്തനം ആരംഭിച്ചതായി ബോധ്യപ്പെട്ടു. എന്നാൽ LED Tv ഉൾപ്പെടെയുള്ള വൈദ്യുതി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ്. കൂടാതെ വെളളം ഇല്ലാത്ത സാഹചര്യവും. ഈ അംഗൻവാടിക്ക് ചുറ്റുമതിലും ഇല്ല.

അവശ്യം വേണ്ട വൈദ്യുതിയും വെള്ളവും ഇല്ലാത്ത അംഗൻവാടികളുടെ ഭൗതികസൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ തുടർ പ്രോജക്ടിലൂടെ നടപ്പിലാക്കേണ്ടതാണ്.

1-44 പ്ലസ് വൺ തുല്യത,പത്താംതരം തുല്യത പദ്ധതി ചെലവ് തുക 72,650/-രൂപ തടസ്സപ്പെട്ടുത്തുന്നു

(എ)

പദ്ധതി	പ്ലസ് വൺ തുല്യത
പദ്ധതി നമ്പർ	SO52/20-21
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ ഗവ.എൽ.പി സ്കൂൾ, ഒറ്റശേഖരമംഗലം
അടങ്കൽ	60,000/-
ചെലവ്	37,500/-
ബിൽ നമ്പർ, തീയതി, തുക ഫണ്ടിനം	6/20-21/18.02.21 – 37,500/- വികസനഫണ്ട്

(ബി)

പദ്ധതി	പത്താംതരം തുല്യത
പദ്ധതി നമ്പർ	SO53/20-21
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ ഗവ.എൽ.പി സ്കൂൾ, ഒറ്റശേഖരമംഗലം
അടങ്കൽ	37,500/-
ചെലവ്	35,150/-
ബിൽ നമ്പർ, തീയതി, തുക ഫണ്ടിനം	5/20-21/18.02.21-35,150 വികസനഫണ്ട്

പ്രസ്തുത പദ്ധതികളുടെ ആകെ അപേക്ഷകരുടെ എണ്ണം, നിരസിച്ച അപേക്ഷകൾ, പരീക്ഷാ ഹാൾ ടിക്കറ്റ് ലഭിച്ചവർ, ആയതിന്റെ പകർപ്പ്, പരീക്ഷ എഴുതിയവർ, സർട്ടിഫിക്കറ്റ് ലഭിച്ചവർ, വിനിയോഗസാക്ഷ്യപത്രം മുതലായ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാൻ 22.02.22 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12 ന് പ്ലസ് വൺ തുല്യത-15 അപേക്ഷകർ പത്താംതരം തുല്യത-19 അപേക്ഷകർ, നാളിതുവരെ വിനിയോഗസാക്ഷ്യപത്രമോ ഇതുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട മറ്റു വിവരങ്ങൾ യാതൊന്നും സാക്ഷരതാ മിഷനോ സാക്ഷരതാ പ്രേരകോ ലഭ്യമാക്കിയിട്ടില്ലെന്നും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും എച്ച്.എം.മറുപടി നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധ ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-45 വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ കേദാരം-നെൽകൃഷി

പദ്ധതി	കേദാരം-നെൽകൃഷി വികസനം
പദ്ധതി നമ്പർ	7/20-21
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	22,230/-
ചെലവ്	12,965/-
	7/20-21/27.01.21/3,245

ബ്ബിൽ നമ്പർ, തീയതി, തുക ഫണ്ടിനം	5/20-21/27.01.21-1,,220 10/20-21/25.03.21/8,500 വികസനഫണ്ട്

ഗ്രാമപഞ്ചായത്തിന്റെ 2017-2022 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 8 ഹെക്ടർ നെൽവയൽ നിലവിൽ ഉണ്ട്. ഇതിൽ കൃഷി ചെയ്യുന്ന വിസ്തീർണ്ണം 2 ഹെക്ടറും കൃഷി യോഗ്യമാണെങ്കിലും നെൽകൃഷി ചെയ്യാത്തതായി 6 ഹെക്ടർ ഭൂമി അവശേഷിക്കുന്നു. 2020-21 സാമ്പത്തിക വർഷം 15 ഹെക്ടർ ഭൂമി നെൽകൃഷി വികസനം ലക്ഷ്യമിട്ടിരുന്നുവെങ്കിലും ടി കാലയളവിൽ ഒരു ഗുണഭോക്താവിന് മാത്രമാണ് നെൽ കൃഷിക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. നെൽകൃഷിക്ക് അനുയോജ്യമായ കൃഷിഭൂമി ഉണ്ടായിരുന്നിട്ടും നെൽകൃഷി വികസനത്തിനായി കാർഷിക മേഖലയിൽ മതിയായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കത്തതിനുള്ള കാരണം ലഭ്യമാക്കാൻ 23.02.22 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.29 ന് നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് 2 ഹെക്ടർ വിസ്തൃതിയിൽ വിഭാവനം ചെയ്തിരുന്നുവെങ്കിലും വയലേലകളായി അവശേഷിച്ചിരുന്ന മറ്റ് പല വാർഷിക വിളകൾ കൃഷി ചെയ്തിരുന്നതിനാലും പ്രതികൂല കാലാവസ്ഥ, തൊഴിലാളി ക്ഷാമം, കാർഷിക യന്ത്രവൽക്കരണം ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാത്തതിനാലുമാണ് ഒരു ഗുണഭോക്താവ് മാത്രമായതെന്നും മതിയായ മുന്നൊരുക്കങ്ങൾ നടത്തി 2021-22 ൽ ഒന്നാംവിള സീസണിൽ വർഷങ്ങളായി വാഴ കൃഷിക്കും മറ്റുമായി വഴിമാറിയത് തെരഞ്ഞെടുത്ത് 20 ഓളം കർഷകരെ നെൽകൃഷിയിലേക്ക് കൊണ്ടുവന്ന് ഗ്രാമപഞ്ചായത്തിലെ നെൽകൃഷി വിസ്തൃതിയിൽ കാര്യമായ വർദ്ധനവ് കൊണ്ട് വരാൻ സാധിക്കുമെന്നാണ് കൃഷി ഓഫീസർ മറുപടി നൽകിയിരിക്കുന്നത്.

1-46 എസ്.എസ്.എ വിഹിതം നൽകൽ-ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നില്ല.

പദ്ധതി	എസ്.എസ്.എ വിഹിതം
പദ്ധതി നമ്പർ	190/20-21
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ ഗവ.എൽ.പി സ്കൂൾ, ഒറ്റശേഖരമംഗലം
അടങ്കൽ	2,00,000/-
ചെലവ്	2,00,000/-
ബ്ബിൽ നമ്പർ, തീയതി, തുക ഫണ്ടിനം	4/20-21/18 .02 .2021 – 2,00,000/- വികസനഫണ്ട്

പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 2,00,000/- ലക്ഷം രൂപ എസ്.എസ്.എ. വിഹിതമിനത്തിൽ നൽകിയിട്ടുണ്ട്. സംസ്ഥാനതല പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമാണ് എസ്.എസ്.എ യുടെ രണ്ട് പ്രധാന പ്രവർത്തനങ്ങൾ. അടിസ്ഥാന സൗകര്യ വികസനം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പരിശീലനം, പാഠപുസ്തക വിതരണം, മറ്റു പ്രവർത്തനങ്ങൾ മുതലായവ എസ്.എസ്.എ യുടെ പ്രോജക്ട് ഓഫീസുമാണ് നിർവ്വഹിക്കേണ്ടത്. എസ്.എസ്.എ നിർവ്വഹിക്കേണ്ട പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് നടപ്പാക്കാൻ പാടില്ലാത്തതാണ്. സർക്കാർ മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് എസ്.എസ്.എ പദ്ധതികളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പി.ഇ.സി കൂടി ഓരോ സ്കൂളിന്റെയും ആവശ്യങ്ങൾക്കനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി എസ്.എസ്.എ. നേരിട്ട് നടപ്പിലാക്കുന്നുവെന്ന് 21.02.22 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എസ്.എസ്.എ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപ്രകാരമുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയതിന് ശേഷം എസ്.എസ്.എ വിഹിതം നൽകേണ്ടതാണ്. ടി വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ചെലവ് പത്രിക പ്രകാരം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്	ബാലൻസ്
ജില്ലാപഞ്ചായത്ത്	2020-21	4625824	ലൈഫ് ഭവന പദ്ധതി (ജനറൽ)	12700000	3558574	9141426
			ലക്ഷം വീട് കോളനി അടിസ്ഥാന വികസനം-ഭവന പുനരുദ്ധാരണം	720000	520000	200000
			സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	261250	261250	--
			ക്ഷീര സമൃദ്ധി (ജനറൽ)	450000	200000	250000
			ക്ഷീര സമൃദ്ധി (വനിത)	400000	86000	314000
ബ്ലോക്ക് പഞ്ചായത്ത്	2020-21	2436750	കേദാരം നെൽകൃഷി	8500	8500	--

				വികസനം			
				ലൈഫ് ഭവന പദ്ധതി (ജനറൽ)	6000000	1057000	4943000
				ലക്ഷം വീട് കോളനി അടിസ്ഥാന വികസനം-ഭവന പുനരുദ്ധാരണം	360000	360000	--
				സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	261250	261250	--
				ക്ഷീര സമൃദ്ധി (ജനറൽ)	500000	350000	150000
				ക്ഷീര സമൃദ്ധി (വനിത)	400000	400000	--

1. ചെലവ് പത്രിക പ്രകാരം അംഗീകാരം ലഭിച്ച് അടങ്കൽ നിശ്ചയിച്ച എല്ലാ പ്രോജക്ടുകളും നടപ്പായിട്ടില്ല.
2. വരവ് ചെലവുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവർത്തികൾക്ക് 2020-21 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	മുന്നിരിപ്പ്	പ്രവൃത്തിയുടെ പേര്	നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KWA	6680026				6680026
KSEB	3654324	14 വാർഡുകളിലെയും ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതി സംബ	0 (**)	0	3654324
PWD	332450				332450

(**) സുലേഖ ചെലവു പത്രിക പരിശോധിച്ചപ്പോൾ 652315/- രൂപ 47/21 -ാം നം പ്രോജക്ട് പ്രകാരം ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ്/ നമ്പർ/ തീയതി	വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം അടച്ച തുക മുതൽ	പലിശ	വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക
ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി	സ.ഉ(സാധാ)നം 429/2010/LSGD Dtd 6/2/10	12799500	771800	771800		--

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ക്രമനം	റിപ്പോർട്ട്/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം / തീയതി
ഇല്ല				

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	20237047.00
ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	117922109.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	100153805.00
നീക്കിയിരിപ്പ്	17768304.00
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	788060.50

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-34	652315.00	റ്റി. സുദർശനൻ, സെക്രട്ടറി
1-36	63095.50	റ്റി. സുദർശനൻ, സെക്രട്ടറി
1-45	72650.00	ഹെഡ്മാസ്റ്റർ
ആകെ	788060.50	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഇല്ല		

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2003-04	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	7	
2004-05	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	5	
2005-06	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	1	
2007-08	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	7	
2008-09	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	4	
2009-10	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	5	
2010-11	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	5	
2012-13	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	19	
2013-14	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1175/2018 തീയതി: 30.05.18	12	
2014-15	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1080/2016 തീയതി: 07.07.2016	23	
2015-16	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2123(എ)/2016 തീയതി: 14.12.2016	10	
2016-17	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1869/2017 തീയതി: 19.09.17	28	
2017-18	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/193/2018 തീയതി: 8.4.19	28	
2018-19	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/47/2019 തീയതി: 17.03.2020	17	
2019-2020	കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1653/2021 തീയതി:30.10.2021	38	

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്